**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3388** **01-03-2023 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി താലൂക്ക് ഓഫീസിൽ നിന്നും നൽകിയ ആശ്രിത സർട്ടിഫിക്കറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ജി.ഓ.(എം.എസ്.) നം.14/2010/പി.&എ.ആർ.ഡി. തീയതി 12-04-2010 ഉത്തരവുപ്രകാരം കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിന് കീഴിൽ വരുന്ന വില്ലേജ് ഓഫീസുകളിൽ നിന്നും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2015 ജനുവരി 1 മുതൽ 2023 ജനുവരി 1 വരെ കരുനാഗപ്പള്ളി തഹസിൽദാർ എത്രപേർക്ക് ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള അപേക്ഷകരുടെ പേര്, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; | (എ) | 17 വില്ലേജുകൾ ഉൾപ്പെട്ടു വരുന്ന കരുനാഗപ്പള്ളി താലൂക്കിൽ നിന്നും 01.01.2015 മുതൽ 01.01.2023 വരെ e-district സംവിധാനം വഴി 10,76,534 സർട്ടിഫിക്കറ്റുകളും, മാന്വലായി ഇതിന്റെ മൂന്നിരട്ടിയിൽപ്പരം, ഉദ്ദേശം മുപ്പതോളം തരം സർട്ടിഫിക്കറ്റുകളും നൽകിയിട്ടുള്ളതാണ്. മാന്വലായി നൽകി വന്ന പല സർട്ടിഫിക്കറ്റുകളും അടുത്തിടെയാണ് e-district സംവിധാനത്തിലേക്ക് മാറിയത്. ഇതിൽ 12.04.2010 ലെ സ.ഉ.(കൈ)നം.14/2010/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള ആശ്രിത സർട്ടിഫിക്കറ്റുകൾ തന്നെ വിവിധ ആവശ്യങ്ങൾക്കായി (ആശ്രിത നിയമനം, ECHS Medical claim etc.) നൽകി വരുന്നു. സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച ഫയലുകൾ 3 വർഷം വരെ മാത്രമേ സൂക്ഷിക്കാറുള്ളു എന്നതിനാൽ 2015 മുതലുള്ള സാക്ഷ്യപത്രങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാൻ കഴിയില്ല. |
| (ബി) | ഇപ്രകാരം ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള അപേക്ഷകളിൽ പങ്കാളിക്ക് സർക്കാർ /പൊതു മേഖല/സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിയുള്ള എത്രപേർക്ക് ഈ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | 17 വില്ലേജുകൾ ഉൾപ്പെട്ടു വരുന്ന കരുനാഗപ്പള്ളി താലൂക്കിൽ നിന്നും 01.01.2015 മുതൽ 01.01.2023 വരെ e-district സംവിധാനം വഴി 10,76,534 സർട്ടിഫിക്കറ്റുകളും, മാന്വലായി ഇതിന്റെ മൂന്നിരട്ടിയിൽപ്പരം, ഉദ്ദേശം മുപ്പതോളം തരം സർട്ടിഫിക്കറ്റുകളും നൽകിയിട്ടുള്ളതാണ്. മാന്വലായി നൽകി വന്ന പല സർട്ടിഫിക്കറ്റുകളും അടുത്തിടെയാണ് e-district സംവിധാനത്തിലേക്ക് മാറിയത്. ഇതിൽ 12.04.2010 ലെ സ.ഉ.(കൈ)നം.14/2010/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള ആശ്രിത സർട്ടിഫിക്കറ്റുകൾ തന്നെ വിവിധ ആവശ്യങ്ങൾക്കായി (ആശ്രിത നിയമനം, ECHS Medical claim etc.) നൽകി വരുന്നു. സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച ഫയലുകൾ 3 വർഷം വരെ മാത്രമേ സൂക്ഷിക്കാറുള്ളു എന്നതിനാൽ 2015 |

| | | | |
|---|---|---|---|
| | | | മുതലുള്ള സാക്ഷ്യപത്രങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ